"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ്-മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി SECURE സോഫ്റ്റ്‌വെയറിൽ നിലവിലുള്ള LMR നിരക്കുകൾക്ക് 31.03.2025 വരെ പ്രാബല്യം നൽകിയ മിഷൻ ഡയറക്ടറുടെ നടപടിയ്ക്ക് സാധൂകരണം നൽകിയും PRICE സോഫ്റ്റ്‌വെയറിൽ പ്രസിദ്ധീകരിക്കുന്ന LMR നിരക്കുകൾ SECURE സോഫ്റ്റ്‌വെയറിൽ ഉൾപ്പെടുത്തുന്നതിനുള്ള പരമാവധി കാലാവധി നിശ്ചയിച്ചും ഉത്തരവാകുന്നു.

---

**തദ്ദേശസ്വയംഭരണ(ഡിഡി) വകുപ്പ്**

സ.ഉ.(സാധാ) നം.1638/2024/LSGD തീയതി,തിരുവനന്തപുരം, 06-09-2024

---

പരാമർശം:-

1. സ.ഉ(സാധാ)നം.1640/2016/ത.സ്വ.ഭ.വ തീയതി 10.05.2016
2. സ.ഉ(സാധാ)നം.265/2024/ത.സ്വ.ഭ.വ തീയതി 31.01.2024
3. സ.ഉ(കൈ)നം.31/2024/ത.സ്വ.ഭ.വ തീയതി 27.02.2024
4. ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി മിഷൻ ഡയറക്ടറുടെ 04.07.2024-ലെ NREGA/23/2020-E1 നമ്പർ കത്ത്

**ഉത്തരവ്**

മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയ്ക്ക് കീഴിലെ പ്രവൃത്തികൾക്ക് എസ്റ്റിമേറ്റ് തയ്യാറാക്കാൻ ഉപയോഗിക്കുന്ന SECURE സോഫ്റ്റ്‌വെയറിൽ പരാമർശം (1) ഉത്തരവ് പ്രകാരം കേരള പൊതുമരാമത്ത് വകുപ്പ് (കെട്ടിട വിഭാഗം) അംഗീകരിച്ച നിരക്കുകൾ ആണ് ലോക്കൽ മാർക്കറ്റ് റേറ്റുകൾക്കായി(LMR) അവലംബിക്കുന്നത്. ഇത് പ്രകാരം കേരള പൊതുമരാമത്ത് വകുപ്പ് (കെട്ടിട വിഭാഗം) PRICE സോഫ്റ്റ്‌വെയറിൽ പ്രസിദ്ധീകരിക്കുന്ന LMR, അതേപടി SECURE സോഫ്റ്റ്‌വെയറിൽ അപ്ഡേറ്റ് ചെയ്യുകയാണ് ചെയ്തു വരുന്നത്.

2. തൊഴിലുറപ്പ് പദ്ധതി പ്രവൃത്തികൾക്ക് ആവശ്യമായ എല്ലാ സാധന സാമഗ്രികളുടെയും നിരക്കുകൾ ജില്ലാ തലത്തിൽ അന്തിമമാക്കി നിശ്ചയിക്കുന്നതിന് ജില്ലാ കളക്ടർ അധ്യക്ഷനായ ജില്ലാതല നിരക്ക് നിർണ്ണയ സമിതി രൂപീകരിച്ച് പരാമർശം (2) പ്രകാരം സർക്കാർ ഉത്തരവായിരുന്നു. പ്രസ്തുത ഉത്തരവ് പ്രകാരം, ജില്ലാ തലത്തിൽ കമ്മിറ്റികൾ കൂടി, Non DSoR നിരക്കുകളും, പൊതുമരാമത്ത് വകുപ്പ് പ്രസിദ്ധീകരിക്കുന്ന LMR നിരക്കുകളും പരിശോധിച്ച്, ആവശ്യമെങ്കിൽ മാറ്റങ്ങൾ വരുത്തി (PWD LMR ഉയർന്ന പരിധിയായി നിശ്ചയിച്ച്) സംസ്ഥാന മിഷനിലേക്ക് സമർപ്പിച്ചാൽ മാത്രമേ LMR അപ്ഡേഷൻ തുടർന്ന് നടത്തുവാൻ സാധിക്കുകയുള്ളൂ. എന്നാൽ, 06.06.2024 വരെ ലോകസഭ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട മാതൃകാപെരുമാറ്റച്ചട്ടം നിലനിന്നിരുന്നതിനാലും, പുതിയ നടപടിക്രമങ്ങൾ നിശ്ചയിച്ച് സർക്കാർ ഉത്തരവുകൾ ഇറങ്ങിയ ശേഷം ആദ്യമായി പ്രസ്തുത നടപടിക്രമങ്ങൾ കൈക്കൊള്ളുന്നതിനാലും ജില്ലാതല സാങ്കേതിക സമിതിയും, ജില്ലാതല നിരക്ക് നിർണ്ണയ സമിതിയും കൂടുന്നതിനും നിരക്കുകൾ നിർണ്ണയിക്കുന്നതിനും കാലതാമസം നേരിട്ടിട്ടുണ്ടെന്നും ടി സാഹചര്യത്തിൽ

SECURE-ൽ നിലവിലുള്ളതും 07.06.2024-ന് കാലാവധി അവസാനിച്ചതുമായ LMR നിരക്കിന്റെ പ്രാബല്യം, തുടർന്നും എസ്റ്റിമേറ്റുകൾ എടുക്കുന്നതിനും പദ്ധതി പ്രവർത്തനങ്ങൾ തടസ്സമുണ്ടാകാതെയിരിക്കുന്നതിനുമായി 31.03.2025 വരെ ദീർഘിപ്പിച്ച് നൽകിയിട്ടുണ്ടെന്നും ടി നടപടിക്ക് സാധൂകരണം നൽകണമെന്നും മിഷൻ ഡയറക്ടർ പരാമർശം (4) കത്ത് പ്രകാരം അപേക്ഷിക്കുകയുണ്ടായി.

3. കൂടാതെ, പുതുക്കിയ ഉത്തരവുകൾ പ്രകാരം വർഷത്തിൽ രണ്ട് തവണ ആണ് ജില്ലാതല സമിതികൾ കൂടി നിരക്കുകൾ നിർണ്ണയിക്കുന്നതിന് നിർദ്ദേശിച്ചിരിക്കുന്നതെന്നും, PRICE സോഫ്റ്റ്‌വെയറിൽ ലഭ്യമാകുന്ന LMR, പരാമർശം (3) സർക്കാർ ഉത്തരവ് പ്രകാരമുള്ള നടപടികൾ പൂർത്തീകരിച്ച് അന്തിമം ആക്കുന്നതിന് കുറഞ്ഞത് 45 ദിവസം എങ്കിലും ആവശ്യമായി വരുമെന്നതിനാൽ, PRICE സോഫ്റ്റ്‌വെയറിൽ LMR നിരക്കുകൾ പ്രസിദ്ധീകരിച്ച ശേഷം 45 ദിവസത്തിനുള്ളിൽ SECURE സോഫ്റ്റ്‌വെയറിൽ അപ്‌ലോഡ് ചെയ്യാനുള്ള അനുമതി കൂടി അനുവദിച്ച് ഉത്തരവാകണമെന്നും മിഷൻ ഡയറക്ടർ അപേക്ഷിക്കുകയുണ്ടായി.

4. സർക്കാർ ഇക്കാര്യം പരിശോധിച്ചു. മേൽ വിവരിച്ച സാഹചര്യത്തിൽ, മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി SECURE-ൽ നിലവിലുള്ളതും 07.06.2024-ന് കാലാവധി അവസാനിച്ചതുമായ LMR നിരക്കുകൾക്ക് 31.03.2025 വരെ പ്രാബല്യം ദീർഘിപ്പിച്ച് നൽകിയ മിഷൻ ഡയറക്ടറുടെ നടപടി സാധൂകരിച്ച് ഉത്തരവാകുന്നു. ടി കാലാവധിക്ക് ഉള്ളിൽ തന്നെ പുതുക്കിയ സർക്കാർ ഉത്തരവുകൾ പ്രകാരം LMR നിരക്കുകൾ അപ്ഡേറ്റ് ചെയ്യുന്നതിനുള്ള നടപടികൾ മിഷൻ ഡയറക്ടർ പൂർത്തിയാക്കേണ്ടതാണ്. തുടർന്ന് പൊതുമരാമത്ത് (കെട്ടിട വിഭാഗം) PRICE സോഫ്റ്റ്‌വെയറിൽ പ്രസിദ്ധീകരിക്കുന്ന LMR നിരക്കുകൾ, പരാമർശം (3) സർക്കാർ ഉത്തരവ് പ്രകാരമുള്ള നടപടികൾ പൂർത്തീകരിച്ച് അന്തിമം ആക്കി പരമാവധി 45 ദിവസത്തിനുള്ളിൽ SECURE സോഫ്റ്റ്‌വെയറിൽ അപ്‌ലോഡ് ചെയ്യേണ്ടതാണെന്നും ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
മിലൻ എലിസബേത്ത് ജോർജ്
അണ്ടർ സെക്രട്ടറി

മിഷൻ ഡയറക്ടർ, മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി, തിരുവനന്തപുരം
പ്രിൻസിപ്പൽ ഡയറക്ടർ (തദ്ദേശ സ്വയംഭരണം), തിരുവനന്തപുരം
ചീഫ് എഞ്ചിനിയർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്), തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ & ഇ), തിരുവനന്തപുരം.
വെബ് & ന്യൂ മീഡിയ (ഐ & പി.ആർ.ഡി.)
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം
Signed by
Nisam N
സെക്ഷൻ ഓഫീസർ
Date: 06-09-2024 14:24:47

പകർപ്പ്:ബഹു.മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
ബഹു.തദ്ദേശ സ്വയംഭരണം, ഗ്രാമവികസന, എക്സൈസ് വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ്